ctabudarr@gmail.com
അബൂദർറ് എടയൂർ



# ഹൃദയത്തിന്റെ വസന്തമാകട്ടെ ഖുർആൻ

عَنْ عَبْدِ اللَّهِ بْنِ عَمْرٍو، عَنِ النَّبِيِّ ﷺ قَالَ: يُقَالُ - يَعْنِي لِصَاحِبِ الْقُرْآنِ -: اقْرَأْ وَارْتَقِ وَرَتِّلْ كَمَا كُنْتَ تُرَتِّلُ فِي الدُّنْيَا، فَإِنَّ مَنْزِلَتَكَ عِنْدَ آخِرِ آيَةٍ تَقْرَأُ بِهَا

അബ്ദുല്ലാഹിബ്നു അംറി(റ)ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: ഖുർആന്റെ സഹചാരിയോട് പറയപ്പെടും: പാരായണം ചെയ്യുക. കയറിപ്പോവുക. നീ പാരായണം ചെയ്യുന്ന അവസാന സൂക്തത്തോടൊപ്പം നീ എത്തുന്നതെവിടെയോ അവിടമാണ് നിന്റെ അന്തിമ വാസസ്ഥലം (തിർമിദി, അബൂദാവൂദ്, നസാഈ, അഹ്മദ്).

ഖുർആൻ ഒരു അലങ്കാരവസ്തുവല്ല. കേവല മന്ത്രങ്ങളുമല്ല. ജീവിത പരീക്ഷയിൽ വിജയം നേടാനും അല്ലാഹു ഇഛിക്കും വിധം ലോകത്തെ പരിപാലിക്കാനുമുള്ള മാർഗനിർദേശങ്ങളുടെ സമാഹാരമാണത്. അതിന്റെ അവതരണ വാർഷികം നാം അനവധി തവണ ആഘോഷിച്ചു. പക്ഷേ ഈ കാലയളവിനുള്ളിൽ നാം ഖുർആനെ എത്രത്തോളം അടുത്തറിഞ്ഞിട്ടുണ്ട് എന്ന ചോദ്യം പ്രസക്തമല്ലേ? പഠിക്കാനും പ്രാവർത്തികമാക്കാനുമാണ് ഖുർആൻ അവതീർണമായിട്ടുള്ളത്. ഖുർആന്റെ ഈ അവതരണ ലക്ഷ്യത്തോട് നാം നീതി പുലർത്തുന്നുണ്ടോ? 'ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് നിങ്ങളിൽ ഉത്തമർ' (ബുഖാരി) എന്ന് പ്രവാചകൻ പറയുമ്പോൾ 'ആ ഗണത്തിൽ ഞാൻ വേണ്ടതില്ല' എന്നാണോ നാം തീരുമാനിക്കേണ്ടത്? ഓരോരുത്തരും പാരായണം ചെയ്ത് പഠിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യുന്നതെത്രയാണോ അതിനനുസരിച്ചായിരിക്കും സ്വർഗത്തിലെ സ്ഥാനം നിർണയിക്കപ്പെടുക എന്ന് മുകളിലുദ്ധരിച്ച ഹദീസ് പഠിപ്പിക്കുന്നു. ഇത് നമ്മെ പ്രചോദിപ്പിക്കേണ്ടതല്ലേ?

ഖുർആൻ അവതീർണമായി എന്നതാണല്ലോ റമദാൻ മാസത്തിന്റെ സവിശേഷത. അതിനുള്ള കൃതജ്ഞതയാണ് വ്രതാനുഷ്ഠാനം. ഒപ്പം ഖുർആനെ ആവേശപൂർവം വാരിപ്പുണരാനും നാം സമയം കണ്ടെത്തണം. ഖുർആൻ പഠനപാരായണങ്ങളെ അല്ലാഹുവും റസൂലും അങ്ങേയറ്റം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. പ്രവാചകൻ പറഞ്ഞു: "അല്ലാഹുവിന് മനുഷ്യരിൽപെട്ട ചില സ്വന്തക്കാരുണ്ട്. ഖുർആന്റെ ആളുകളാണ് അവർ" (ഇബ്നുമാജ). "നിങ്ങൾ ഖുർആൻ പാരായണം ചെയ്യൂ. അത് പുനരുത്ഥാനനാളിൽ അതിന്റെ ആളുകൾക്ക് ശിപാർശകനായി ഹാജരാവും" (മുസ്‌ലിം). "ഖുർആനിൽ നിപുണരായ ആളുകളുടെ സ്ഥാനം ആദരണീയരായ മലക്കുകളോടൊപ്പമായിരിക്കും. പ്രയാസപ്പെട്ട് ഖുർആൻ പാരായണം ചെയ്യുന്നവന് രണ്ട് പ്രതിഫലമുണ്ട്" (ബുഖാരി). ഖുർആൻ തനിക്ക് ലഭിച്ച അല്ലാഹുവിന്റെ സന്ദേശമാണ് എന്ന ബോധ്യത്തോടെ, അതിൽ നിന്ന് വെളിച്ചം ലഭിക്കാനും അതുവഴി ഈമാൻ ദൃഢമാവാനും അതിന് പൂർണമായും വിധേയനായി ജീവിക്കാനും തീരുമാനിച്ച് ഒരു വിശ്വാസി ഖുർആൻ പാരായണം ചെയ്യുമ്പോൾ അതവന് മഹത്തായ സൽകർമമായിത്തീരുന്നു.

ഏതൊരു വിഷയത്തിലും പ്രവാചകനെയും ശിഷ്യന്മാരെയുമാണല്ലോ നാം പ്രഥമ മാതൃകയായി സ്വീകരിക്കേണ്ടത്. ഖുർആൻ പാരായണം നിത്യജീവിതത്തിന്റെ അവിഭാജ്യ ഘടകമാക്കിയവരായിരുന്നല്ലോ അവർ. ഒരാഴ്ച കൊണ്ടും രണ്ടാഴ്ച കൊണ്ടും ഒരു മാസം കൊണ്ടുമൊക്കെ ഖുർആൻ ഒരാവർത്തി പാരായണം ചെയ്യാൻ അവർ മൽസരിക്കാറുണ്ടായിരുന്നുവെന്ന് ചരിത്രം പറയുന്നു. ഓരോ ദിവസവും പാരായണം ചെയ്യാൻ നിശ്ചിതഭാഗം (ഹിസ്ബ്) നിർണയിക്കുകയും അത് കൃത്യമായി നിർവഹിക്കാൻ അവർ ജാഗ്രത പാലിക്കുകയും ചെയ്തിരുന്നു. എന്നാൽ മൂന്നിൽ കുറഞ്ഞ നാളുകൾക്കകം ഖുർആൻ മുഴുവൻ പാരായണം ചെയ്യരുത് എന്ന് പ്രവാചകൻ വിലക്കി. അതിന് നബി(സ)പറഞ്ഞ ന്യായം അത്രവേഗത്തിൽ ഓതിയാൽ അത് ഗ്രഹിക്കാനാവില്ല എന്നാണ് (അബൂദാവൂദ്, തിർമിദി).

ഹൃദയപങ്കാളിത്തത്തോടെയാവണം ഖുർആൻ പാരായണം ചെയ്യേണ്ടത്. തിരുമേനി ഒരിക്കൽ പറഞ്ഞു: "ഖുർആൻ പാരായണം ചെയ്യുക, നിങ്ങളുടെ ഹൃദയം അതുമായി താളൈക്യത്തിലായിരിക്കുവോളം. അവ താളൈക്യത്തിലല്ല എങ്കിൽ (സത്യത്തിൽ) നിങ്ങളത് പാരായണം നടത്തുകയല്ല. അപ്പോൾ വായന നിർത്തി എഴുന്നേറ്റുപോവുക (ബുഖാരി, മുസ്‌ലിം).

ഖുർആൻ പരിചയപ്പെടുത്തുന്ന സത്യവിശ്വാസിയുടെ ചിത്രം നോക്കിയാൽ തന്നെ ഖുർആൻ ഇഷ്ടമുള്ളവർ പഠിച്ചാൽ മതി എന്ന ചിന്തയുടെ പൊള്ളത്തരം മനസ്സിലാവും. ഖുർആൻ പഠനത്തിന്റെ ശ്രേഷ്ഠത ഉപരിസൂചിത ഹദീസിൽ നിന്ന് സുവ്യക്തമാണ്. അത്ര പ്രാധാന്യമുള്ള മറ്റൊരു പഠനവുമില്ല. ഖുർആന്റെ അക്ഷരങ്ങളിലൂടെ മാത്രം വിഹരിച്ച് കാലം കഴിക്കുന്നത് ഒരു ആപത്സൂചനയായിട്ടാണ് പ്രവാചകൻ പഠിപ്പിക്കുന്നത്: "നിങ്ങളിലൊരു വിഭാഗം വരും. അവരുടെ നമസ്കാരം, നോമ്പ്, മറ്റു കർമങ്ങൾ എന്നിവയുമായി തുലനം ചെയ്തുനോക്കുമ്പോൾ നിങ്ങളുടേത് വളരെ നിസ്സാരമായി തോന്നും. അവർ ഖുർആൻ ഓതും. അത് അവരുടെ തൊണ്ടക്കപ്പുറത്തേക്ക് കടക്കുകയില്ല. വില്ലിൽ നിന്ന് അമ്പ് പോകുന്നതുപോലെ അവർ ദീനിൽ നിന്ന് പുറത്തുപോകും" (ബുഖാരി, മുസ്‌ലിം). ഖുർആനെ ഹൃദയത്തിന്റെ വസന്തമാക്കാൻ, മനസ്സിന്റെ പ്രകാശമാക്കാൻ, മനോവ്യഥകളുടെ സാന്ത്വനമാക്കാൻ നാം പ്രാർഥിക്കുന്നു. പക്ഷേ പ്രവർത്തനമോ?

■